# കേരളസർവകലാശാല

നം.പി.ആർ.261/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2021
### സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള പ്രവേശനം രണ്ടാം ഘട്ടം
### കൗൺസിലിങ് ഡിസംബർ 17 ന്

കേരളസർവകലാശാല ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം- സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള രണ്ടാം ഘട്ട റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള കൗൺസിലിംഗ് ഡിസംബർ 17-ന് അതാത് കോളേജുകളിൽ നടക്കും. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഡിസംബർ 17-ന് രാവിലെ 10.30 ന് അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് https://admissions.keralauniversity.ac.in സന്ദർശിക്കുക.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം(പി.ജി) - 2021
### ജനറൽ/മറ്റ് വിഭാഗങ്ങൾക്ക് സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ കൊല്ലം, ആലപ്പുഴ മേഖലകളിൽ സ്പോട്ട് അഡ്മിഷൻ നടന്നതിനു ശേഷവും ഒഴിവുള്ള സീറ്റുകൾ 17, 18, തീയതികളിൽ തിരുവനന്തപുരം മേഖലയിൽ നടക്കുന്ന സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തിയ 2021 ആഗസ്റ്റ് മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് 2017, 2018, 2019 അഡ്മിഷൻ റെഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2021 ഡിസംബർ 24 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എ ഏപ്രിൽ 2021 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2021 ഡിസംബർ 24 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2021 ആഗസ്റ്റ് മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.ബി.എ 2019, 2018 അഡ്മിഷൻ റെഗുലർ, ഇംപ്രൂവ്മെന്റ് , സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2021 ഡിസംബർ 24 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2021 മാർച്ച് മാസം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് /ബി.സി.എ ( 2019, അഡ്മിഷൻ റെഗുലർ, 2017, 2018 അഡ്മിഷൻ- ഇംപ്രൂവ്മെന്റ് , സപ്ലിമെന്ററി) , ബി.കോം പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 2021 ഡിസംബർ 24 വരെ അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

## സ്പെഷ്യൽ പരീക്ഷ

കോവിഡ് 19 കാരണം അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി ജനുവരി 2021 എഴുതാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷ എഴുതാവുന്നതാണ്. സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവർ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാം കോഴ്സ് കോഡ് എന്നിവ അടങ്ങിയ അപേക്ഷ ആരോഗ്യ വകുപ്പിന്റേയോ തദ്ദേശസ്വയംഭരണ വകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം 2021 ഡിസംബർ 20 നകം അതാത് കോളേജ് പ്രിൻസിപ്പൽമാർക്ക് സമർപ്പിക്കേണ്ടതാണ്.

## വൈവ വോസി

കേരളസർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2021 മാർച്ച് മാസം നടത്തിയ അവസാനവർഷ എം.എ പബ്ലിക് അഡ്മിനിസ്ട്രേഷൻ സപ്ലിമെന്ററി പരീക്ഷയുടെ വൈവ വോസി 2021 ഡിസംബർ 17 ന് രാവിലെ 11 മണിക്ക് കാര്യവട്ടം വിദൂര വിദ്യാഭ്യാസ പഠനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 സെപ്റ്റംബർ മാസം നടത്തിയ എം.എ ഇംഗ്ലീഷ് (പ്രൈവറ്റ് രജിസ്ട്രേഷൻ– 2016 അഡ്മിഷൻ അന്വൽ സ്കീം സപ്ലിമെന്ററി) പരീക്ഷയുടെ വൈവ വോസി 2021 ഡിസംബർ 21 ന് രാവിലെ 11 മണിക്ക് ഗവ: വിമൻസ് കോളേജ്, തിരുവനന്തപുരത്ത് വച്ച് നടത്തും. വിശദവിവരം വെബ്സൈറ്റിൽ.

## ലാബ് പരീക്ഷ

കേരളസർവകലാശാലയുടെ കീഴിലുള്ള കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ 2018 സ്കീം ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വിദ്യാർത്ഥികളുടെ നാലാം സെമസ്റ്റർ റെഗുലർ ബി.ടെക് ലാബ് പരീക്ഷ 2021ഡിസംബർ 17, 20 തീയതികളിൽ കാര്യവട്ടംയൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് വച്ച് നടത്തുന്നു.

## ക്രിസ്മസ് അവധി

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾ, കേരളസർവകലാശാല പഠന വകുപ്പുകൾ, ബി.എഡ് സെന്ററുകൾ, യു.ഐ.ടി, യു.ഐ.എം എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ക്രിസ്മസ് അവധി 2021 ഡിസംബർ 24 മുതൽ 2022 ജനുവരി 2 വരെ ക്രമീകരിച്ചിരിക്കുന്നു. ക്രിസ്മസ് അവധിക്ക് ശേഷം 2022 ജനുവരി 3 മുതൽ കോളേജുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

## സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അറബിക് ടൈപ്പിംഗ്

കേരള സർവകലാശാല അറബിക് പഠനവകുപ്പ് നടത്തിവരുന്ന മൂന്നുമാസ പാർട്ട് ടൈം അറബിക് ടൈപ്പിംഗ് കോഴ്സിന്റെ അഞ്ചാമത് ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത പ്ലസ് ടു. ഫീസ്: 3000/, അപേക്ഷ ഫോം കാര്യവട്ടത്തുള്ള അറബിക് പഠനവകുപ്പിൽ / വെബ്സൈറ്റിൽ (www.arabicku.in) ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 19. ഫോൺ: 9633812633 / 0471 2308846

തിരുവനന്തപുരം,
15.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries**examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**